(ബി) അത്തരം മത്സര ഓട്ടവും അമിതവേഗതയും ഒഴിവാക്കാൻ നടപടി സ്വീകരക്കുമോ;

(സി) ഉണ്ടെങ്കിൽ അതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) വാഹന പരിശോധന കർശനമാക്കുന്നതും കുറ്റകൃത്യത്തിലേർപ്പെടുന്ന വാഹനങ്ങളുടെ പെർമിറ്റ് താൽക്കാലികമായി റദ്ദ് ചെയ്യുക, വാഹന ഉടമകളിൽ നിന്നും പിഴ ഈടാക്കുക ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുക തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വാഹനങ്ങളുടെ ഓവർ സ്പീഡ് കണ്ടുപിടിക്കുന്നതിന് റഡാറുകളുടെയും വാക്കി ടോക്കികളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതാണ്. ബസ്സുകളുടെ മത്സര ഓട്ടം ഒഴിവാക്കുന്നതിന് അവയുടെ റണ്ണിംഗ് ടൈം കൂടി നൽകുന്നതാണ്.

61 (349) അന്ധർക്കും വികലാംഗർക്കും ബസുകളിൽ യാത്രാ സൗജന്യം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്ധർ-വികലാംഗർ എന്നിവർക്ക് കെ.എസ്. ആർ.ടി.സി. ബസ്സുകളിൽ യാത്രാസൗജന്യം അനുവദിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത വ്യവസ്ഥകളിൽ ഈയിടെ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെക്കൊയാണെന്ന് വിശദമാക്കാമോ;

(സി) ഈ അർഹതക്ക് സാമ്പത്തിക മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ പരിഷ്കാരങ്ങൾ നിലവിൽ വരുന്നതിന് മുൻപ് എത്ര പേർക്ക് ഇത്തരത്തിലുള്ള പാസുകൾ നൽകിയിരുന്നു;

(ഇ) പ്രസ്തുത പരിഷ്കാരത്തിന് കൺസഷന് അർഹതയുള്ള എത്ര പേർ കാണുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) ഈ പരിഷ്കാരങ്ങൾ മൂലം കെ.എസ്.ആർ.ടി.സിക്ക് എത്ര തുക ലാഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ജി) കെ.എസ്.ആർ.ടി.സി.യിൽ വികാലംഗർക്ക് നൽകിവരുന്ന സൗജന്യയാത്രക്കുള്ള പാസ് നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് അന്ധർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രാ സൗകര്യം അനുവദിക്കുന്നതിനു വേണ്ടി അപേക്ഷകൻ നൂറുശതമാനവും അന്ധനായിരിക്കണം. അന്ധത തെളിയിക്കുന്നതിന് ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസറുടെ (ഓഫ്ത്താൽമിക്) സർട്ടിഫിക്കറ്റോടുകൂടി താമസ സ്ഥലത്തിനടുത്തുള്ള കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. വികാലാഗർ, കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യ യാത്രയ്ക്കുവേണ്ടി അപേക്ഷ നൽകുന്നയാൾക്ക് 50%-ൽ കുറയാതെ

LIBRARY ARCHIVES Kerala Legislative Assembly

അംഗവൈകല്യം ഉണ്ടായിരിക്കണം. അംഗവൈകല്യം തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡിന്റെയോ, ഓർത്തോവിഭാഗത്തിന്റെ സിവിൽ സർജന്റേയോ സർട്ടിഫിക്കറ്റ് ഹാജരാക്കണം. താമസസ്ഥലത്തിന് അടുത്തുള്ള ഡിപ്പോയിൽ നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകളോടൊപ്പം ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി പ്രത്യേകം ഹാജരാക്കേണ്ടതാണ്.

(ബി) മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

(സി) വരുമാനപരിധി നിലവിലില്ല. എന്നാൽ വികലാംഗരായ സർക്കാർ ജീവനക്കാർക്ക് കൺസെഷൻസ് അലവൻസ് ലഭിക്കുന്നതുകൊണ്ട് അവർക്ക് യാത്രാസൗജന്യം നൽകാറില്ല. കൺസെൻഷൻസ് അലവൻസ് വാങ്ങുന്നില്ല എന്ന വിവരം ജോലി ചെയ്യുന്ന സ്ഥാപനത്തിലെ മേലധികാരികളിൽ നിന്നും ഹാജരാകുന്ന വികലാംഗരായ സർക്കാർ ജീവനക്കാർക്ക് പാസ് അനുവദിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ യാതൊരു വിധ പരിഷ്കാരങ്ങളും നടപ്പിൽ വരുത്തിയിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇല്ല.

62 (350) മോട്ടോർ വാഹന സർവ്വീസ് നിരക്കുകൾ വർദ്ധിപ്പിച്ച നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടാർ വാഹന സർവ്വീസ് നിരക്കുകൾ പുതുക്കി നിശ്ചയിട്ടുണ്ടോ;

(ബി) നിരക്കുകൾ വർദ്ധിപ്പിച്ചതിന്റെ പൊതുവായ മാനദണ്ഡം എന്താണ്;

(സി) ലൈസൻസ് റദ്ദാക്കുന്നതിനും രജിസ്ട്രേഷനുമുള്ള ഫീസ് പത്തിരട്ടിയും മൂന്നിരട്ടിയും വർദ്ധിപ്പിച്ചിരിക്കുന്നതിന്റെ അടിസ്ഥാനം എന്താണ്.

(ഡി) ഭീമമായ വർദ്ധന വരുത്തിയിട്ടുള്ള ഫീസുകൾ ന്യായമായി നിശ്ചയിക്കാനും ഇപ്പോഴത്തെ നിരക്കുകൾ കുറവുചെയ്യുന്നതിനും നടപടി ,സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കേന്ദ്ര സർക്കാരാണ് കേന്ദ്ര മോട്ടാർ വാഹന ചട്ടങ്ങളിൽ സർവ്വീസ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നത്. ഇങ്ങനെ നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly